**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304</u>** **<u>16-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പാറശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻ കടകൾവഴി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. കെ സ്റ്റോർ<br>2. സുജലം പദ്ധതി<br>3. ഒപ്പം പദ്ധതി<br>4. സഞ്ചരിക്കുന്ന റേഷൻ കട<br>5. "one nation one ration കാർഡ്" പദ്ധതി<br>6. "കാർഡ് പോർട്ടബിലിറ്റി" സംവിധാനം |
| (ബി) | പാറശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പാറശാല നിയോജകമണ്ഡലത്തിൽ കാട്ടാക്കട/ നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന റേഷൻ കടകൾ കെ സ്റ്റോർ ആക്കി പരിവർത്തനം ചെയ്തിട്ടുണ്ട്.<br>**കാട്ടാക്കട താലൂക്ക് -** 1170046, 1170126 (02 എണ്ണം)<br><br>**നെയ്യാറ്റിൻകര താലൂക്ക്-**<br>1106478, 1106051, 1106018, 1106479, 1106566, 1106476, 1106391, 1106530, 1106526, 1106536, 1106012, 1106060, 1106477 (13 എണ്ണം) |
| (സി) | പ്രസ്തുത മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും, ആദിവാസി മേഖലയിലെയും റേഷൻ കടകളെ കെ-സ്റ്റോർ ആയി പരിവർത്തനം ചെയ്യുന്നത് വകുപ്പിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | 2016 മുതൽ 2025 സെപ്റ്റംബർ വരെ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പാറശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും | (ഡി) | 2016 മുതൽ 2025 സെപ്തംബർ വരെ പാറശാല നിയോജകമണ്ഡലത്തിൽ, കെ-സ്റ്റോർ, സുജലം, ഒപ്പം, സഞ്ചരിക്കുന്ന റേഷൻ കട എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

ആയതിലേയ്ക്കായ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകാമോ ?

പുരവിമല ആദിവാസി ഊരുകളിൽ റേഷൻസാധനങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഉദ്ഘാടന ചെലവിനായി അനുവദിച്ച 25000/- രൂപയും, റേഷൻ സാധനങ്ങൾ പുരവിമല ആദിവാസി ഊരുകളിൽ എത്തിച്ചതിന്റെ ഭാഗമായിട്ടുള്ള വാഹന വാടക കയറ്റിറക്ക് കൂലി ഇനത്തിൽ നാളിതുവരെ അനുവദിച്ച 6,71,250/- രൂപയും അടക്കം ആകെ 6,96,250/- രൂപ മേൽപ്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിനായി ചെലവായിട്ടുണ്ട്. തുകയുടെ വിശദ വിവരം **അനുബന്ധമായി** ചേർക്കുന്നു.

**<u>അനുബന്ധം</u>**

| **മാസം** | **അനുവദിച്ച തുക** |
|---|---|
| ഏപ്രിൽ 2022 | |
| മേയ് 2022 | |
| ജൂൺ 2022 | 63000 |
| ജൂലൈ 2022 | 21000 |
| ആഗസ്റ്റ് 2022 | 21000 |
| സെപ്റ്റംബർ 2022 | 21000 |
| ഒക്ടോബർ 2022 | |
| നവംബർ 2022 | 42000 |
| ഡിസംബർ 2022 | 21000 |
| ജനുവരി 2023 | 21000 |
| ഫെബ്രുവരി 2023 | |
| മാർച്ച് 2023 | 42000 |
| ഏപ്രിൽ 2023 | 21000 |
| മേയ് 2023 | |
| ജൂൺ 2023 | |
| ജൂലൈ 2023 | |
| ആഗസ്റ്റ് 2023 | 59000 |
| സെപ്റ്റംബർ 2023 | 14750 |
| ഒക്ടോബർ 2023 | |
| നവംബർ 2023 | 29500 |
| ഡിസംബർ 2023 | |
| ജനുവരി 2024 | 29500 |

| | |
|---|---|
| ഫെബ്രുവരി 2024 | 14750 |
| മാർച്ച് 2024 | |
| ഏപ്രിൽ 2024 | |
| മേയ് 2024 | |
| ജൂൺ 2024 | 59000 |
| ജൂലൈ 2024 | |
| ആഗസ്റ്റ് 2024 | |
| സെപ്റ്റംബർ 2024 | 59000 |
| ഒക്ടോബർ 2024 | |
| നവംബർ 2024 | |
| ഡിസംബർ 2024 | |
| ജനുവരി 2025 | |
| ഫെബ്രുവരി 2025 | |
| മാർച്ച് 2025 | |
| ഏപ്രിൽ 2025 | 103250 |
| മേയ് 2025 | |
| ജൂൺ 2025 | 29500 |
| **ആകെ അനുവദിച്ച തുക** | **671250** (ഉദ്ഘാടന ചെലവൊഴികെ) |

സെക്ഷൻ ഓഫീസർ